പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6453 — 31-10-2011-ൽ മറുപടിക്ക്

## പെരുമ്പാവൂർ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജുപോൾ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയായി എന്നറിയിക്കുമോ; | (ബി) | വൈക്കം, പറവൂർ, തലശ്ശേരി എന്നീ നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി, തിരുവല്ല, പാല, കൊല്ലം, ഗുരുവായൂർ, കണ്ണൂർ, കാസർകോട് എന്നീ നഗരസഭകളുടെ കരട് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മറ്റു നഗരസഭ കളുടെ കരട് റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടിരിക്കുന്നു. |
| (സി) | മാസ്റ്റർ പ്ലാനുകൾക്കു രൂപം നൽകുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | നഗരാസൂത്രണ വകുപ്പിലെ വിദഗ്ദ്ധരുടെയും ജീവനക്കാരുടെയും അഭാവം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നഗരാസൂത്രണ വകുപ്പിൽ ജീവനക്കാരുടെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ; നിലവിലുള്ള സൗകര്യങ്ങൾ വ്യക്തമാക്കുമോ; | (ഇ) | ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കികൊണ്ടിരിക്കുന്നത്. പ്ലാനുകൾ തയ്യാറാക്കുന്നതിനായി ഡാറ്റാ ഫോർമാറ്റ്, ചോദ്യാവലികൾ, ടൂൾകിറ്റുകൾ customized computer application എന്നിവ വകുപ്പു തലത്തിൽ പ്രത്യേകം തയ്യാറാക്കി യിട്ടുണ്ട്. |
| (എഫ്) | പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; എന്ന് പൂർത്തിയാകുമെന്നറിയിക്കുമോ? | (എഫ്) | പെരുമ്പാവൂർ മാസ്റ്റർ പ്ലാൻ ഇപ്പോഴത്തെ ഭൂവിനിയോഗം, ഗതാഗത സർവേയിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പുതുക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ആഫീസർ